**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4265** **06-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന പെൻഷനുകളും ധനസഹായങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വകുപ്പുകൾ വഴി സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന പെൻഷനുകളും ധനസഹായങ്ങളും ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന ഫണ്ടുപയോഗിച്ച് വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ് പഞ്ചായത്ത് വകുപ്പ് മുഖേനയും ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകൾ മുഖേനയും വിതരണം ചെയ്യുന്നു.<br><br>വിശ്വകർമ്മ പെൻഷൻ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയും, മരംകയറ്റ തൊഴിലാളി പെൻഷൻ തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയും, സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ എന്നിവ കായിക യുവജന ക്ഷേമ വകുപ്പ് മുഖേനയും, കലാകാര പെൻഷൻ അവശ കലാകാര പെൻഷൻ എന്നിവ സാംസ്കാരിക കാര്യ വകുപ്പ് മുഖേനയും വിതരണം ചെയ്യുന്നു.<br><br>തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ വൈകല്യം സംഭവിക്കുന്ന മരംകയറ്റ തൊഴിലാളിക്ക് 50,000/- രൂപയും (അൻപതിനായിരം രൂപ മാത്രം) തൊഴിലാളി മരണപ്പെടുന്ന പക്ഷം ആശ്രിതർക്ക്<br><br>1,00,000/- രൂപയും (ഒരു ലക്ഷം രൂപ മാത്രം ) 1980-ലെ കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള എക്സ്-ഗ്രേഷ്യ ധനസഹായമായും പ്രസ്തുത ധനസഹായം ലഭിച്ച തൊഴിലാളികൾക്ക് കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 1600/- രൂപ നിരക്കിൽ പെൻഷനും തൊഴിൽ വകുപ്പ് മുഖേന സംസ്ഥാന സർക്കാർ അനുവദിച്ചു വരുന്നു.<br><br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- ബാലസാന്ത്വനം, മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധി എന്നിവയുടെ ധനസഹായം ധനകാര്യ (ഫണ്ട്സ്) വകുപ്പ് മുഖേന നൽകുന്നു. |

അംഗീകൃത പ്രകൃതി ക്ഷോഭങ്ങളിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 20.05.2015-ലെ സ.ഉ(കൈ) നം. 194/2015/ഡി.എം.ഡി, 23.07.2015-ലെ സ.ഉ.(കൈ) നം. 343/2015/ ഡി.എം.ഡി എന്നീ ഉത്തരവുകൾ പ്രകാരമുള്ള ആശ്വാസ ധനസഹായം ദുരന്ത നിവാരണ (എ) വകുപ്പ് മുഖേന അനുവദിക്കുന്നുണ്ട്.

റവന്യൂ വകുപ്പ മുഖേന സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന പെൻഷനുകളും ധനസഹായങ്ങളും ചുവടെ ചേർക്കുന്നു.

1. ക്യാൻസർ രോഗികൾക്കുള്ള ധനസഹായം

2. കുഷ്ഠ രോഗികൾക്കുള്ള ധനസഹായം

3. ക്ഷയ രോഗികൾക്കുള്ള ധനസഹായം

4. സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള സഹായം

5. ദേശീയ കുടുംബക്ഷേമ പദ്ധതി

6. കോവിഡ് ബാധിച്ച് മരണപ്പെട്ട കുടുംബാംഗത്തിന്റെ ആശ്രിതർക്കുള്ള ധനസഹായം

7. കോവിഡ് ബാധിച്ച് മരിച്ച ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ അന്നദാതാവിന്റെ കുടുംബത്തിനുള്ള ധനസഹായം

8. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

9. പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്കുള്ള ധനസഹായം

10. അവശ കലാകാരന്മാർക്കുള്ള പെൻഷൻ

11. സർക്കസ കലാകാരന്മാർക്കുള്ള പെൻഷൻ

12. വാഹനാപകടങ്ങൾക്കിരയാകുന്നവർക്കുള്ള ധനസഹായം

കൂടാതെ, കിടപ്പ രോഗികളെയും മറ്റും പരിചരിക്കുന്നവർക്കുള്ള ആശ്വാസ കിരണം, അവിവാഹിതരായ അമ്മമാർക്കുള്ള സ്നേഹസ്പർശം, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ (സ്നേഹസ്വാന്തനം, സ്പെഷ്യൽ ആശ്വാസകിരണം, ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം), മാതാപിതാക്കളിൽ ആരെങ്കിലും അല്ലെങ്കിൽ ഇരുവരുമോ ഇല്ലാത്ത കുട്ടികൾക്കുള്ള

| | | | |
|---|---|---|---|
| | | | സ്നേഹപൂർവ്വം, ചില പ്രത്യേക രോഗം പിടിപെട്ടവർക്കുള്ള സമാശ്വാസം എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾക്കുള്ള ധനസഹായം സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകി വരുന്നു.<br><br>പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേനയുള്ള ധനസഹായം സംബന്ധിച്ച വിശാദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>സാമൂഹ്യനീതി വകുപ്പ്, സംസ്ഥാനത്തെ ഭിന്നശേഷി വിഭാഗം, വയോജന വിഭാഗം, ട്രാൻസ്ജെൻഡർ ക്ഷേമം, പ്രൊബേഷൻ ആന്റ് ആഫ്റ്റർകെയർ സംവിധാനം, മറ്റു ദുർബല ജനവിഭാഗം എന്നിവരുടെ<br><br>ക്ഷേമത്തിനായി സാമൂഹ്യനീതി ഡയറക്ടേറ്റ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശാദാംശങ്ങൾ അനുബന്ധം 2 ആയും, വനിത ശിശു വികസന വകുപ്പ മുഖേനയുള്ള ധനസഹായം സംബന്ധിച്ച വിശാദാംശങ്ങൾ അനുബന്ധം 3 ആയും ചേർക്കുന്നു |
| (ബി) | സാമൂഹിക സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെൻഷനുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിച്ച വരുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പെൻഷനുകൾ നൽകുന്നില്ല. എന്നാൽ ചുവടെ പറയുന്ന ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**1. ആശ്വാസ കിരണം പദ്ധതി:** 2010 ലാണ് പദ്ധതി ആരംഭിച്ചത്. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസം കിരണം പദ്ധതി. നിലവിൽ 600/- രൂപയാണ് പ്രതിമാസം അനുവദിക്കുന്നത്. ആശ്വാസകിരണം ധനസഹായത്തിന് അർഹതയുള്ളവർക്ക് മറ്റ് പെൻഷനുകൾ ലഭിക്കുന്നതിന് തടസ്സമില്ല.<br><br>**2. സ്നേഹസ്പർശം പദ്ധതി:** 2010-11 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് |

സ്റ്റേഹസ്പർശം. 2000/- രൂപയാണ് നിലവിൽ നൽകുന്നത്.

**3. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ:**

(എ). എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനുവേണ്ടി നിരവധി പദ്ധതികളും പരിപാടികളും സർക്കാർ നടപ്പാക്കി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സ്റ്റേഹസാന്ത്വനം പദ്ധതി പ്രകാരം 1200/-, 1700/-, 2200/- എന്നീ നിരക്കിൽ പ്രതിമാസ ധനസഹായം നിലവിൽ 5423 പേർക്ക് നൽകി വരുന്നു.

(ബി). **സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി** പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ച് വരുന്നു.

(സി). എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000, 3000,4000 എന്നീ നിരക്കിലുള്ള **ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായവും** നൽകി വരുന്നു.

**4. സ്റ്റേഹപൂർവ്വം പദ്ധതി:** മാതാപിതാക്കളിൽ ആരെങ്കിലും അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 70000-ത്തോളം കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. സ്റ്റേഹപൂർവം പദ്ധതിയിലെ കൗമാരക്കാരായ കുട്ടികൾക്ക് ജില്ലാതലത്തിൽ ജീവിതനൈപുണ്യ ശില്പശാലകൾ, 10,12 ക്ലാസ്സുകളിൽ മികച്ച വിജയം നേടുന്ന കുട്ടികൾക്ക് എക്സലൻസ് അവാർഡ് എന്നിവയും ഈ പദ്ധതിയോടൊപ്പം നടപ്പിലാക്കുന്നുണ്ട്.

**5. സമാശ്വാസം പദ്ധതി:** വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ,

| | | | |
|---|---|---|---|
| | | | ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപയും വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപയും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ധനസഹായ പദ്ധതികൾ

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ധനസഹായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## I. വിദ്യാഭ്യാസ പദ്ധതികൾ

### 1. പ്രീ പ്രൈമറി വിദ്യാഭ്യാസം

പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലുമായി സംസ്ഥാനത്തൊട്ടാകെ 87 നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തിവരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജും യൂണിഫോമും അടങ്ങുന്ന പഠന സാമഗ്രികളും നൽകുന്നു. എൽ.കെ.ജി, യു.കെ.ജി സമ്പ്രദായം. ഓരോ കുട്ടിക്കും 30 രൂപ പ്രതിദിന ഫീഡിംഗ് ചാർജ്, യൂണിഫോമിന് 600 രൂപ, 500 രൂപ ലംപ്സം ഗ്രാന്റ് എന്നിവ നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതുവിഭാഗത്തിൽ നിന്നും 25% വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്.

വകുപ്പിന്റെ നഴ്സറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് 500/- രൂപ ലംപ്സം ഗ്രാന്റ് നൽകുന്നു.

### 2. പ്രീമെട്രിക് വിദ്യാഭ്യാസം (1 മുതൽ 10 വരെ ക്ലാസ്)

#### (i)സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ്

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ ചുവടെ പറയും പ്രകാരമുള്ള ഘടകങ്ങളിൽ സ്കോളർഷിപ്പ് നൽകുന്നു. അധ്യയന വർഷാരംഭത്തിൽ തന്നെ ഈയിനങ്ങളിലുള്ള തുക ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു.

പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിന്റെ വിവിധ ഘടകങ്ങൾ

#### (a) ലംപ്സം ഗ്രാന്റ്

1 മുതൽ 10 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ്/ സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭത്തിൽ ചുവടെ പറയുന്ന നിരക്കിൽ ലംപ്സം ഗ്രാന്റ് നൽകുന്നു.

- 1 മുതൽ 4 വരെ - 750/- രൂപ
- 5 മുതൽ 7 വരെ - 900/- രൂപ

- 8 മുതൽ 10 വരെ - 1000/- രൂപ

(ഒരു വർഷം തോറ്റവർക്ക് പകുതി തുക നൽകുന്നു)

## (b) പ്രൈമറി/ സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്

1 മുതൽ 8 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പ്രോത്സാഹനത്തിനായി പ്രാഥമിക പഠനാവശ്യങ്ങൾ നിർവഹിക്കുവാൻ 2000/- രൂപ പ്രൈമറി/ സെക്കന്ററി എഡ്യൂക്കേഷൻ എയിഡായി നൽകുന്നു. പദ്ധതി ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നു.

## (c) പ്രതിമാസ സ്റ്റൈപന്റ്

പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ/ ചക്ലിയൻ എന്നീ സമുദായങ്ങളിലെ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പ്രതിമാസം 200/- രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നു. ഇ-ഗ്രാന്റ്സ് മുഖേന 2 തവണയായി തുക വിദ്യാർഥികളുടെ അക്കൌണ്ടിലേക്കു നൽകുന്നു.

## (d) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ്- റീ-ഇംബേഴ്സ്മെന്റ്

സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ട്യൂഷൻഫീസ് റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി. 2023-24 വർഷം മുതൽ പദ്ധതി ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായി നടപ്പിലാക്കുന്നു.

സ്കോളർഷിപ്പ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ട്യൂഷൻ ഫീസ് | സ്പെഷ്യൽ ഫീസ് | ആകെ |
|---|---|---|---|
| എൽ. പി/ യു. പി | 1000/- | 333/- | 1333/- |
| ഹൈസ്കൂൾ | 1500/- | 500/- | 2000/- |

## (ii) സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ്

### (a) സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Component-I)
### (9, 10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്)

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ 2.50 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ

മാർഗനിർദേശ പ്രകാരം 2022-23 വർഷം മുതൽ 40:60 സംസ്ഥാന- കേന്ദ്ര അനുപാതത്തിൽ പദ്ധതി നടപ്പിലാക്കുന്നു. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

സ്കോളർഷിപ്പ് നിരക്കുകൾ ചുവടെ ചേർക്കുന്നു.
ഡേ സ്കോളർ- രൂ. 3500/-
ഹോസ്റ്റലർ- രൂ. 7000/-

**(b). സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് (Component-II) (ആരോഗ്യഹാനിക്കിടയാക്കുന്ന ശുചീകരണജോലികളിൽ ഏർപ്പെട്ടുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്)**

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായവർക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്നതിന് ജാതി/ വരുമാനം എന്നിവ ബാധകമല്ല. രക്ഷിതാവ് ആരോഗ്യഹാനിക്ക് ഇടയാക്കുന്ന ശുചീകരണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു എന്നുള്ള തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കണം.

കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗനിർദേശ പ്രകാരം 2022-23 വർഷം മുതൽ 40:60 സംസ്ഥാന- കേന്ദ്ര അനുപാതത്തിൽ പദ്ധതി നടപ്പിലാക്കുന്നു. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

സ്കോളർഷിപ്പ് നിരക്കുകൾ ചുവടെ ചേർക്കുന്നു.
ഡേ സ്കോളർ- രൂ. 3500/-
ഹോസ്റ്റലർ- രൂ. 8000/- (ക്ലാസ് 3 മുതൽ 10 വരെ)

**3. ശ്രീ അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മെന്റ് സ്കോളർഷിപ്പ്**

4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെയും പാഠ്യേതര പ്രവർത്തനങ്ങളിലെ മികവിന്റെയും അടിസ്ഥാനത്തിൽ മികച്ച പഠന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളിൽ നിന്നും വരുമാനം കൂടി പരിഗണിച്ച് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിവർഷം 4,500/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്ന പ്രത്യേക പദ്ധതി. ക്ലാസ് 5 ലും ക്ലാസ് 8 ലുമാണ് വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് നിബന്ധനകൾക്കു വിധേയമായി ക്ലാസ് 10 വരെ പദ്ധതിയിൽ തുടരാം.

പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 1,00,000/- രൂപ. വാർഷിക വരുമാനം 12,000/-രൂപയിൽ താഴെയുള്ളവർക്ക് മേശയും കസേരയും വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായമായി 2000/- കൂടി നൽകുന്നു. ഇവർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി പ്രതി മാസം 100/-രൂപ നിരക്കിൽ 10 മാസത്തേക്ക് 1000/- രൂപയും നൽകുന്നു.

2022-23 വർഷം മുതൽ പദ്ധതി ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നു.

**4. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സഹായം കൂടി ഉൾച്ചേർന്ന പദ്ധതിയാണ്. 2020-21 വരെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 100% കേന്ദ്രാവിഷ്കൃത പദ്ധതിയെന്ന നിലയിലാണ് നടപ്പിലാക്കിയത്. പുതുക്കിയ കേന്ദ്ര മാർഗ നിർദേശ പ്രകാരം 2021-22 മുതൽ 40:60 സംസ്ഥാന- കേന്ദ്ര വിഹിതം അനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നു.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2008-09 വർഷം മുതൽ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന നടപ്പിലാക്കുന്നു. 2018-19 വർഷം മുതൽ ഇ-ഗ്രാന്റ്സ് പോർട്ടൽ പുതുക്കുകയും ഇ-ഗ്രാന്റ്സ് 3.0 എന്ന പേരിൽ പുതുക്കിയ പോർട്ടൽ നിലവിൽ വരുകയും ചെയ്തു.

2021-22 വർഷം മുതൽ കേന്ദ്ര മാർഗ നിർദേശ പ്രകാരം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ CSS, Non CSS എന്നീ രണ്ടു കാറ്റഗറികളിലായാണ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നത്. 2.50 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർഥികൾ കേന്ദ്ര പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. ഇവരുടെ സ്കോളർഷിപ്പ് തുകയിൽ കേന്ദ്ര മാനദണ്ഡ പ്രകാരമുള്ള സ്കോളർഷിപ്പ് തുകയുടെ 40% സംസ്ഥാനവും 60% കേന്ദ്രവും വഹിക്കുന്നു. 2.50 ലക്ഷം രൂപക്കു മുകളിൽ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുക പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുന്നു.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ വ്യവസ്ഥകൾ 2022-23 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചു കൊണ്ട് 05/01/2023 ലെ സ. ഉ (അച്ചടി) നം. 02/2023/SCSTD പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡ പ്രകാരം സംസ്ഥാനത്തിനകത്തും പുറത്തും പഠിക്കുന്ന അർഹരായ പട്ടികജാതി വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന വിതരണം ചെയ്യുന്നു.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് ചുവടെ പറയും പ്രകാരമുള്ള ഘടകങ്ങളാണുള്ളത്.

(i) ഫീസ്

(ii) സെൻട്രൽ അക്കാഡമിക് അലവൻസ്

(iii) സ്റ്റേറ്റ് അക്കാഡമിക് അലവൻസ്

(iv) ലംപ്സം ഗ്രാന്റ്

(v) അഡീഷണൽ സ്റ്റേറ്റ് അലവൻസ്

(vi) ഹോസ്റ്റൽ ഫീസ്

(vii) ഫെലോഷിപ്പ്

ഫീസ്, സെൻട്രൽ അക്കാഡമിക് അലവൻസ് എന്നിവയുടെ 40% സംസ്ഥാനവും 60% കേന്ദ്രവും വഹിക്കുന്നു. ശേഷിക്കുന്ന ഘടകങ്ങൾ പൂർണമായും സംസ്ഥാന സർക്കാർ വഹിക്കുന്നു.

നിരക്കുകൾ ചുവടെ ചേർക്കുന്നു.

(i) ഫീസ്

സർക്കാർ/ യൂണിവേഴ്സിറ്റി/ ഫീ റെഗുലേറ്ററി കമ്മിറ്റി/ ബന്ധപ്പെട്ട ഏജൻസി തുടങ്ങിയവ അംഗീകരിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്/ എക്സാം ഫീസ്/ സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെട്ട തുക

(ii) സെൻട്രൽ അക്കാഡമിക് അലവൻസ്

CSS പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച അലവൻസ്. നിരക്കുകൾ ചുവടെ ചേർക്കുന്നു.

| കോഴ്സ് ഗ്രൂപ്പ് | ഡേ സ്കോളർ | ഹോസ്റ്റലർ |
|---|---|---|
| ഗ്രൂപ്പ്-1 | 13500/- | 7000/- |
| ഗ്രൂപ്പ്-2 | 9500/- | 6500/- |
| ഗ്രൂപ്പ്-3 | 6000/- | 3000/- |
| ഗ്രൂപ്പ്-4 | 4000/- | 2500/- |

(iii) സ്റ്റേറ്റ് അക്കാഡമിക് അലവൻസ്

ഡേ സ്കോളർക്ക് പ്രതിവർഷം രൂ. 8500/- ഒറ്റത്തവണയായി നൽകുന്നു. ഹോസ്റ്റലർക്ക് പ്രതിവർഷം രൂ. 2000/- ഒറ്റത്തവണയായി നൽകുന്നു. ഇതിനോടൊപ്പം കോഴ്സ് അടിസ്ഥാനത്തിൽ ലഭിക്കുന്ന ലംപ്സം ഗ്രാന്റ് കൂടി ചേരുന്ന തുകയാണ് സ്റ്റേറ്റ് അക്കാഡമിക് അലവൻസ് എന്നറിയപ്പെടുന്നത്.

(iv) ലംപ്സം ഗ്രാന്റ്

09/01/2020 ലെ സ. ഉ (അച്ചടി) നം. 01/2020/പജപവവിവ പ്രകാരം ഓരോ കോഴ്സിനും നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ അനുസരിച്ച് ലംപ്സം ഗ്രാന്റ് നൽകുന്നു.

(v) അഡീഷണൽ സ്റ്റേറ്റ് അലവൻസ്

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് കേന്ദ്ര നിരക്കിലുള്ള അക്കാഡമിക് അലവൻസാണ് (സെൻട്രൽ അക്കാഡമിക് അലവൻസ്) ലഭിക്കുന്നത്. ഇത് സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസിനെക്കാൾ കുറവാകുന്ന പക്ഷം ശേഷിക്കുന്ന തുക അഡീഷണൽ സ്റ്റേറ്റ് അലവൻസ് എന്ന പേരിൽ സംസ്ഥാനം നൽകുന്നു.

(vi) ഹോസ്റ്റൽ ഫീസ്

സ്ഥാപനത്തിന്റെ ഹോസ്റ്റൽ/ പ്രൈവറ്റ് ഹോസ്റ്റൽ/ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ എന്നീ അക്കോമഡേഷൻ സ്റ്റാറ്റസുകൾ ഹോസ്റ്റലർ എന്നറിയപ്പെടുന്നു. ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് താമസ/ ഭക്ഷണ ചെലവുകൾ വഹിക്കുന്നതിനുള്ള സഹായമെന്ന നിലയിൽ സർക്കാർ നിശ്ചയിച്ച നിരക്കിൽ ഹോസ്റ്റൽ ഫീസ് നൽകുന്നു. നിരക്കുകൾ ചുവടെ ചേർക്കുന്നു.

- സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലെ ഹോസ്റ്റലിൽ താമസിക്കുന്നതിന് പ്രതിമാസം പരമാവധി രൂ. 3500/- വരെ നൽകുന്നു.
- സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ ഹോസ്റ്റലിൽ താമസിക്കുന്നതിന് താമസ ഭക്ഷണ ചെലവിനായി പ്രതിമാസം രൂ. 4,500/- വരെ നൽകുന്നു.
- സ്ഥാപനത്തിന്റെ ഹോസ്റ്റലിലോ വകുപ്പിന്റെ പോസ്റ്റ്മെട്രിക് ഹോസ്റ്റലിലോ പ്രവേശനം ലഭിക്കാതെ വരികയും സ്വന്തമായി താമസ സൌകര്യം കണ്ടെത്തുകയും ചെയ്യുന്നവർക്ക് താമസ ഭക്ഷണ ചെലവിനായി പ്രതിമാസം രൂ. 1,500/- നൽകുന്നു.
- വകുപ്പിന്റെ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കുന്നവരുടെ ചെലവുകൾ വകുപ്പ് നേരിട്ടു വഹിക്കുന്നതിനാൽ ഇത്തരം വിദ്യാർഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ പ്രത്യേകമായി തുക അനുവദിക്കുന്നില്ല.

(vii) ഫെലോഷിപ്പ്

എംഫിൽ, പി.എച്ച്.ഡി തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതും, യു.ജി.സി പാസാകാത്തവരുമായ പട്ടികജാതി വിദ്യാർഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെലോഷിപ്പും കണ്ടിജൻസ് ഗ്രാന്റും നൽകുന്നു. ഇപ്രകാരം ഫെലോഷിപ്പ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സായും ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 45 വയസ്സായും നിശ്ചയിച്ചിട്ടുണ്ട്.

### 5. പ്രത്യേക പ്രോത്സാഹന സമ്മാനം
### (Special Incentive Scheme for SC students)

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിദ്യാർഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി. പദ്ധതിയുടെ നിരക്കുകളും മാനദണ്ഡങ്ങളും 16/12/2022 ലെ സ. ഉ (സാധാ) നം. 1292/2022/SCSTD പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. പുതുക്കിയ മാനദണ്ഡങ്ങളും നിരക്കുകളും ചുവടെ ചേർക്കുന്നു.

| കോഴ്സ് | 80% മുതൽ 100% വരെ മാർക്ക് അല്ലെങ്കിൽ വിവിധ വിഷയങ്ങളിൽ എ+/എ ഗ്രേഡ് ലഭിക്കുന്നവർക്ക് മാത്രം | 60% മുതൽ 79% വരെ മാർക്ക് അല്ലെങ്കിൽ വിവിധ വിഷയങ്ങളിൽ ബി ഗ്രേഡ് വരെ മാത്രം |
|---|---|---|
| എസ്.എസ്.എൽ.സി | 4000/- | 2,500/- |
| Plus two, VHSE, Diploma, TTC, Polytechnic തുടങ്ങിവ | 6000/- | 3500/- |
| ബിരുദതല കോഴ്സുകൾ | 7500/- | 5000/- |
| പ്രൊഫഷണൽ ബിരുദ കോഴ്സുകൾ | 9000/- | 7500/- |
| ബിരുദാനന്തര ബിരുദം/ അതിനു മുകളിലുള്ള കോഴ്സുകൾ | 10,000/- | 7000/- |
| പ്രൊഫഷണൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ/ അതിനു മുകളിലുള്ള കോഴ്സുകൾ | 12,000/- | 9000/- |

### 6. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്സ്ടു, ഡിഗ്രി, പി. ജി. കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പൻറ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവയും നൽകുന്നു.

### 7. ലാപ്പ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം നൽകുന്ന ബി.ടെക്, എം.ടെക്, എം.സി.എ, പോളിടെക്നിക്ക്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം എസ് സി,

ഇലക്ട്രോണിക്സ്, എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്, ബി.ആർക്ക്, എം.ഫിൽ, പി.എച്ച്.ഡി, പോളിടെക്നിക്ക്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, ഹാർഡ് വെയർ മെയിന്റനൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി 25,000/- വരെ ധനസഹായം അനുവദിക്കുന്നു.

**8. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം**

ഒന്നാം വർഷ എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായമായി 5800/- രൂപ നൽകുന്നു.

**9. വിദേശത്ത് പഠിക്കുന്നവർക്കുള്ള ധനസഹായം**

കേരളീയരായ പട്ടികജാതി, വിദ്യാർത്ഥികൾക്ക് വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ പഠിക്കുന്നതിനായി 04-10-2017-ലെ G.O.(MS) 81/17/SCSTDD ഉത്തരവിലെ മാനദണ്ഡപ്രകാരം ആനുകൂല്യം അനുവദിക്കുന്നുണ്ട്. പരമാവധി 25 ലക്ഷം രൂപ.

**10. എഞ്ചിനീയറിംഗ്, മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാൻറ്**

എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു. മെഡിക്കൽ കോഴ്സുകൾക്ക് രൂ.10,000/-, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് രൂ. 5,000/- നിരക്കിൽ തുക അനുവദിക്കുന്നു.

11. Commercial Pilot's **Licence Course Wings)**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പരിശീലനം നൽകി അവരെ കൊമേഴ്സ്യൽ Air Craft പൈലറ്റ് മേഖലയിലുള്ള തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് **'വിങ്സ്'**.

തിരുവനന്തപുരത്തുള്ള രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിയിൽ ഓരോ അദ്ധ്യായന വർഷവും 3 പട്ടികജാതി വിദ്യാർത്ഥികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ് അനുവദിക്കുന്നതിന് , G.O. (MS) No. 56/2022/SCSTD,തീയതി-27-12-2022 എന്ന സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമി നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിൻെറ്റ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോട് കൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിക്കൊണ്ട് ഓരോ അദ്ധ്യായന വർഷവും തെരഞ്ഞെടുക്കുന്ന 3 പട്ടികജാതി വിഭാഗം

വിദ്യാർത്ഥികൾക്ക് ടി സ്ഥാപനത്തിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനായി സ്കോളർഷിപ് അനുവദിക്കുന്നതാണ്.

**12. ട്രെയിനിംഗ് കം എംപ്ലോയ്മെന്റ് / അഡീഷണൽ അപ്രന്റീസ് ട്രെയിനിംഗ് പദ്ധതി**

വകുപ്പിൻ്റെ കീഴിലുള്ള വിവിധ ഐ. ടി. ഐ/ ഐ. ടി. സി/ എൻജിനീയറിംഗ് ഡിഗ്രി/ ഡിപ്ലോമ കോഴ്സുകൾ പാസ്സായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തങ്ങൾ പഠിച്ച ട്രേഡുകളിൽ കൂടുതൽ പ്രാവീണ്യം ലഭിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന Training Cum Employment / Additional Appreniceship എന്ന പദ്ധതി പ്രകാരം പ്രതിമാസം Rs. 5700/- നിരക്കിൽ സ്റ്റൈപ്പൻറ് നൽകിവരുന്നു

**(n) പഠനമുറി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ് / എയ്ഡഡ്/ സ്പെഷ്യൽ ടെക്നിക്കൽ സ്കൂളിൽ നവോദയ വിദ്യാലയങ്ങളിൽ 5, 6, 7, 8, 9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീട്ടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിനായി 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധ സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയായിരിക്കണം. നിർമ്മാണ പുരോഗതിക്കനുസരിച്ച് 4 ഗഡുക്കളായി ധനസഹായം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു.

**4) പഠനയാത്ര പര്യടന പരിപാടി**

സംസ്ഥാനത്ത് ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം. പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ് 4000 രൂപയായി നിജപ്പെടുത്തി.

**5) ബിരുദ/ബിരുദാനന്തര ബിരുദ കലാകോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം**

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കലാവിഷയ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ/ ആടയാഭരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

**6) എം ഫിൽ പി. എച്ച്. ഡി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

എം ഫിൽ പി. എച്ച്. ഡി തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതും, യു. ജി. സി. പാസ്സാകാത്തവരുമായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു. ജി. സി അനുവദിക്കുന്ന തുകയുടെ നിരക്കിൽ ഫെലോഷിപ്പും കണ്ടിൻജന്റ് ഗ്രാന്റും ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി വയസ്സായും ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി വയസ്സായും നിശ്ചയിച്ച ഉത്തരവായിട്ടുണ്ട്

II. സാമ്പത്തിക വികസന പദ്ധതികൾ

1. സ്വയംതൊഴിൽ പദ്ധതി

വ്യക്തികൾക്ക് മൂന്ന് ലക്ഷം വരെയുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 1/3 സബ്സിഡി അനുവദിക്കുന്ന ഈ പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും തുടങ്ങാം. പ്രായം 18-50, വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ്സ്. വരുമാന പരിധി ബാധകമല്ല.

2. അഭിഭാഷകർക്ക് ധനസഹായം

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് അഭിഭാഷകനായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേയ്ക്ക് ധനസഹായം നൽകുന്നു.

ഒന്നാം വർഷം

1. എൻറോൾമെന്റ് ഫീസ് - 9600/-
2. വസ്ത്രം വാങ്ങുന്നതിന് - 4000/-
3. പുസ്തകം വാങ്ങുന്നതിന് - 12000/-

രണ്ടും മൂന്നും വർഷങ്ങളിൽ

1. വസ്ത്രം വാങ്ങുന്നതിന് - 4000/-
2. പുസ്തകം വാങ്ങുന്നതിന് - 12000/-
3. മുറി വാടക (പ്രതിമാസം 500/- രൂപ നിരക്കിൽ) - 6000

3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റിസ്ഷിപ്പ്.

ഐ.ടി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി, എന്നിവ പാസ്സായവർക്ക് അപ്രന്റിസ്ഷിപ്പ്. പ്രതിമാസ സ്റ്റൈപന്റ് നിരക്ക് 5700/- രൂപ.

4. ടൂൾ കിറ്റ്

വകുപ്പിന്റെ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി പണിയായുധങ്ങൾ വാങ്ങുന്നതിന് ഗ്രാന്റ് നൽകുന്നു.

5. സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായ പദ്ധതി

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75% തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങളിലെ ബാങ്ക് അക്കൗണ്ടിലേക്ക് ഈ പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്നു.

1. പരമാവധി 15 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള പ്രോജക്ടുകളായിരിക്കും പരിഗണിക്കുക
2. പ്രോജക്ടുകളുടെ മുതൽ മുടക്കിന്റെ 25% തുക ബാങ്ക് ലോൺ ആയി സ്വരൂപിക്കണം

III. സാമൂഹ്യക്ഷേമ പദ്ധതികൾ

1. വിവാഹ ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 1,25,000/- (30.08.2022 ന് മുൻപ് വിവാഹം നടന്നവർക്ക് 75,000/- രൂപ നിരക്കിൽ) രൂപ വിവാഹ ധനസഹായമായി നൽകുന്നു. വരുമാന പരിധി 1,00,000/- രൂപ

2. മിശ്ര വിവാഹിതർക്ക് ധനസഹായം

മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽ പെട്ടതുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതി ജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/- രൂപ വരെ ധനസഹായമായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നു വർഷത്തിനകം അപേക്ഷിക്കണം. പ്രതിവർഷ വരുമാന പരിധി 1,00,000/- രൂപ.

3. ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ ഭൂമി വാങ്ങുന്നതിനു രൂപ ഗ്രാൻറായി അനുവദിക്കുന്നു.

| തദ്ദേശസഭരണ സ്ഥാപനം | ഭൂമി സെന്ററിൽ (കുറഞ്ഞത്) | പരമാവധി തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 5 | Rs.3,75,000/- |
| മുനിസിപ്പാലിറ്റി | 3 | Rs.4,50,000/- |
| കോർപറേഷൻ | 3 | Rs.6,00,000/- |

ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് ലിസ്റ്റിൽ നിന്നും ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളതും 70 വയസ്സിൽ പ്രായം അധികരിക്കാത്ത ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുക്കുന്നത്.

4. സേഫ് പദ്ധതി

പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് 2022-23 സാമ്പത്തിക വർഷം മുതൽ സേഫ് പദ്ധതി നടപ്പിലാക്കിവരുന്നു. 1 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയുള്ളതും 2010 ഏപ്രിൽ 1 ന് ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ, ഭവന പുനരുദ്ധാരണത്തിനോ, ഭവന പൂർത്തീകരണത്തിനോ ധനസഹായം ലഭിച്ചവരെയും മുൻ വർഷങ്ങളിൽ അനുവദിച്ച ധനസഹായത്തിന്റെ അവസാന ഗഡു 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയവരെയും പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുന്നതല്ല. സേഫ് പദ്ധതി പ്രകാരം ഭവന പൂർത്തീകരണം. പുനരുദ്ധാരണം എന്നിവയ്ക്കായി ആകെ 2 ലക്ഷം രൂപ മൂന്ന്

ഗഡുക്കളായി വിതരണം ചെയ്യുന്നു. ഒന്നാം ഗഡു 50,000 - രൂപ, രണ്ടാം ഗഡു 1,00,000 രൂപ മൂന്നാം ഗഡു 50,000/- രൂപ എന്നീ ക്രമത്തിലാണ് തുക അനുവദിക്കുന്നത്.

**5. ആരോഗ്യ സുരക്ഷ പദ്ധതി - ചികിത്സ ധനസഹായം**

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപവരെ ആശുപത്രി മുഖാന്തിരം നൽകുന്നു.

**6.ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം**

പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായമായി 2,00,000/- രൂപ നൽകുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റു കൾ, മരണസർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനായിരുന്നുവെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസനഓഫീസർക്ക് നൽകുക. മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**7. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി.**

50,000 രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബലവിഭാഗക്കാരുടെ (വേടൻ, നായാടി, ചക്ലിയ അരുന്ധതിയാർ, കള്ളാടി) പുനരധിവാസ പദ്ധതി പ്രകാരം പട്ടികയിൽ പറയുന്ന പദ്ധതികൾക്ക് തുക അനുവദിച്ചു വരുന്നു.

**ദുർബലവിഭാഗങ്ങൾക്കുള്ള പദ്ധതികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിക്കുന്ന തുക |
|---|---|---|
| 1 | കൃഷി ഭൂമി (കുറഞ്ഞത് 25 സെന്റ്) | 10,00,000/- |
| 2 | കമ്മ്യൂണിറ്റി പഠനമുറി (കെട്ടിടം ഉള്ളസ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യം+ആവർത്തന ചെലവുകൾ) | 6,80,000/- |
| 3 | കമ്മ്യൂണിറ്റി പഠനമുറി(കെട്ടിടം ഇല്ലാത്ത സ്ഥലങ്ങൾ) | കെട്ടിട നിർമ്മാണത്തിന് പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം+6,80,000/-, അടിസ്ഥാന സൗകര്യം, ആവർത്തനചെലവുകൾക്ക് |
| 4 | പഠനമുറി (വ്യക്തിഗതം) | 3,00,000/- |
| 5 | കുടിവെള്ളം, വൈദ്യുതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ | പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം |
| 6 | കോളനികളിലെ വീടുകളുടെ നവീകരണം/ ബലപ്പെടുത്തൽ | പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം |

| | | |
|---|---|---|
| 7 | വീടിന്റെ അറ്റകുറ്റപ്പണികൾക്ക് (വ്യക്തിഗതം) | 2,50,000/- |
| 8 | ടോയ്‌ലറ്റ് നിർമ്മാണം | 40,000/- |
| 9 | തൊഴിൽ പരിശീലനം/ സ്വയം തൊഴിൽ സംരംഭം | പ്രോജക്ട് റിപ്പോർട്ട് പ്രകാരം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ശുപാർശ ചെയ്യുന്ന പ്രകാരമുള്ള തുക |
| 10 | ഭൂരഹിതപുനരധിവാസം ഗ്രാമപഞ്ചായത്തിൽ 5 സെൻറ് | Rs. 5,00,000/- |
| | ഭൂരഹിതപുനരധിവാസം മുനിസിപ്പാലിറ്റിയിൽ 3 സെൻറ് | Rs.6,00,000/- |
| | ഭൂരഹിതപുനരധിവാസം കോർപറേഷനിൽ 3 സെൻറ് | Rs. 7,50,000/- |
| 11 | ഭവന നിർമ്മാണം | 6,00,000/- |

**8. വിദേശ തൊഴിൽ ധനസഹായ പദ്ധതി**

വിദഗ്ധ - അവിദഗ്ധ തൊഴിൽ മേഖലകളിൽ തൊഴിൽ ലഭിച്ച പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട യുവതി - യുവാക്കൾക്ക് വിദേശത്തേക്കുള്ള യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി ഒരു ലക്ഷം രൂപ ധനസഹായം നൽകുന്നു. 2,50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും 20 നും 50 നും മധ്യേ പ്രായമുള്ളതും ആദ്യമായി വിദേശത്ത് ജോലിക്കായി പോകുന്നവർക്കും മാത്രമാണ് അപേക്ഷിക്കുവാൻ അർഹത. ആദ്യയാത്ര നടത്തി രണ്ടു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ ധനസഹായത്തിനായി പരിഗണിക്കുകയുള്ളൂ.

**9. അക്രഡിറ്റ് എഞ്ചിനീയർ, ഓവർസീയർ നിയമനം**

വകുപ്പിൽ എഞ്ചനീയറിംഗ് വൈദഗ്ദ്യം ആവശ്യമുള്ള പദ്ധതികളുടെ നിർവഹണത്തിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ ഡിപ്ലോമ/ ഐ.റ്റി.ഐ യോഗ്യതയുള്ള 35 വയസ്സ് പൂർത്തിയാകാത്തവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർമാരായി യഥാക്രമം Rs.20,000/-, Rs.18,000/- രൂപ ഓണറേറിയത്തിൽ രണ്ട് വർഷ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചു വരുന്നു.

**10. ഹോം പദ്ധതി**

പട്ടികജാതിയിൽ അതിദുർബലരായി പരിഗണിക്കുന്ന അരുന്ധതിയാർ, ചക്ലിയൻ, നായാടി, കള്ളാടി, വേടർ എന്നീ അഞ്ച് സമുദായങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ സാമൂഹ്യ, വിദ്യാഭ്യാസ, സാമ്പത്തികപരവുമായ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹോം.

IV. സാംസ്കാരിക പരിപാടികൾ

1. സർഗോത്സവം

സംസ്ഥാന സ്കൂൾ കലോത്സവം സ്പെഷ്യൽ സ്കൂൾ കലോത്സവം എന്നിവയിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000/- രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

2. ഡോ. ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ്

പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, ദൃശ്യമാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, റേഡിയോ റിപ്പോർട്ടിന് 15,000/- രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്.

3. സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 40,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

# അനുബന്ധം 2

## I ഭിന്നശേഷി വിഭാഗം

**വിദ്യാകിരണം** – ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി.

**വിദ്യാജ്യോതി –** ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് പഠനോപകരണങ്ങളും, യുണിഫോമും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

**ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി**– ഒന്നാം ക്ലാസ്സ് മുതൽ PG/പ്രൊഫഷണൽ കോഴ്സ് വരെ സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്.

**വിദൂര വിദ്യാഭ്യാസ ധനസഹായം**– വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ വഴി ഡിഗ്രി, ബിരുദാനന്തര ബിരുദം പഠിയ്ക്കുന്നതിനായി സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.

**വിജയാമൃതം** – ഡിഗ്രി/തത്തുല്യ കോഴ്സുകൾ, പി.ജി/ പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് അനുവദിക്കുന്ന പദ്ധതി.

**പരിണയം** – ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി

**പരിണയം** – ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി.

**നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധ**തി– നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഓട്ടിസം, സെറിബ്രൽ പാൽസി, ബൗദ്ധിക വെല്ലുവിളി , മൾട്ടിപ്പ്ൾ ഡിസെബിലിറ്റി എന്നിവ ബാധിച്ചവർക്കായുള്ള സമഗ്രആരോഗ്യ ഇൻഷൂറൻസ് പദ്ധതി. കേന്ദ്ര സർക്കാർ പദ്ധതിയാണെങ്കിലും ഇത്ൽ അംഗങ്ങളാകുന്നതിന് ഗുണഭോക്താവ് അടക്കേണ്ടുന്ന പ്രീമിയം തുക കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി അടച്ച് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു നൽകുന്നു. ഇൻഷ്വറൻസ് എല്ലാ വർഷവും പ്രീമിയം അടച്ച് പുതുക്കേണ്ടതുണ്ട്. ഇതും സർക്കാർ തന്നെയാണ് അടക്കുന്നത്. പദ്ധതിയിൽ ചേരുന്നതിന് എ.പി.എൽ വിഭാഗം 500 രൂപയും, ബി.പി.എൽ വിഭാഗം 250 രൂപയും, പദ്ധതിപുതുക്കുന്നതിന് യഥാക്രമം 250, 50

എന്നിങ്ങനെയുമാണ് പ്രീമിയം തുക അടക്കേണ്ടത്.

**കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള പദ്ധതി** – കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന കാഴ്ചപരിമിതരായ അഭിഭാഷകർക്ക് ഒറ്റത്തവണയായി എക്സ്ഗ്രേഷ്യാ 3500/– രൂപയും, വായനാ സഹായിയെ നിയമിച്ച് റീഡേഴ്സ് അലവന്സ് നല്കുന്നതിനായി പ്രതിമാസം 5,000/– രൂപാ വീതവും വകുപ്പ് മുഖേന അനുവദിച്ചു വരുന്നു. അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, കോർട്ട് പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയവ സഹിതം സാമൂഹ്യനീതി ഡയറക്ടർക്കു സമർപ്പിക്കുന്നതു പ്രകാരം തുക അനുവദിച്ചു വരുന്നു. വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. നിലവിൽ 10 വർഷം വരെയാണ് തുക അനുവദിച്ചു വരുന്നത്.

**വികാലംഗ ദുരിതാശ്വാസ നിധി** – വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായം നൽകുന്ന പദ്ധതി.

**മാതൃജ്യോതി പദ്ധതി** – ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിയ്ക്കുന്നതിനുള്ള ധനസഹായ പദ്ധതി.

**സ്വാശ്രയ പദ്ധതി** – ഭർത്താവ് മരിച്ച/ഉപേക്ഷിച്ച തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന മകനെ/ മക്കളെ സംരക്ഷിയ്ക്കേണ്ടി വരുന്ന ബി.പി.എൽ കുടുംബത്തിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി.

**പരിരക്ഷ പദ്ധതി –** അടിയന്തര സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ആയത് അതിജീവിക്കുന്നതിനും സർക്കാരിന്റെ/ വകുപ്പിന്റെ മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തതും വളരെ പരിതാപകരമായ അവസ്ഥയിലുള്ള ഭിന്നശേഷിക്കാർക്കും ഒന്നിൽക്കൂടുതൽ ഭിന്നശേഷിക്കാരായ വ്യക്തികൾ ഉള്ള കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്ന പദ്ധതി.

**ശ്രേഷ്ഠം പദ്ധതി** – കലാ–കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

**സഹചാരി** – ഗവൺമെന്റ്, എയ്ഡഡ്,പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠനകാര്യത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനത്തിന് പുറത്തും ഭിന്നശേഷിക്കാർക്കായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും മറ്റ് പരിപാടികളിലും സഹായിക്കുന്നതുമായ NSS/NCC/SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

**സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി** : മാനസ്സിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിയ്ക്കുന്ന സർക്കാർ / സർക്കാരിതര സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ

സെന്ററുകൾക്ക് നൽകി വരുന്ന ധനസഹായ പദ്ധതിയാണ് സൈക്കോസോഷ്യൽ ഗ്രാന്റ് –ഇൻ എയ്ഡ് പദ്ധതി. കേരള സൈക്കോ സോഷ്യൽ റൂൾ – 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്കാണ് സൈക്കോ സോഷ്യൽ ഗ്രാന്റ്– അനുവദിച്ചു വരുന്നത്. സംസ്ഥാനത്തെ 44 സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് ഗ്രാന്റിനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

**അതിജീവനം സമഗ്ര പദ്ധതി:** പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പു വരുത്തുന്നതിനായി NGO സഹകരണത്തോടു കൂടി ഭിന്നശേഷിക്കാർക്കായി സമഗ്ര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പദ്ധതിയാണ് അതിജീവനം സമഗ്ര പദ്ധതി. ടി സമഗ്ര പദ്ധതിയിൽ 5 മാതൃകാ പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്ന ദീൻദയാൽ റീഹാബിലിറ്റേഷൻ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ടി മാതൃകാ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ DDRS പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ ഒഴിവാക്കിയാണ് ടി പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ടി പദ്ധതിയിലൂടെ ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം, പകൽ പരിപാലനം/ അസിസ്റ്റഡ് ലിവിംഗ്, വിവര സാങ്കേതിക വിദ്യയിലൂടെ പരിശീലനം, മാതൃകാ പുനരധിവാസ പദ്ധതി, ഷെൽറ്റേർഡ് വർക്ഷോപ്പ് എന്നിവ നൽകുന്ന സർക്കാരിതര ഏജൻസികൾക്ക് ധനസഹായം നൽകുന്നു. 25 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിനുള്ള ധനസഹായമാണ് അനുവദിക്കുന്നത്.

## II ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ധനസഹായ പദ്ധതികൾ

### 1. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്–

നിലവിൽ സ്കൂളുകളിൽ/ കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

### 2. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം താമസസൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി –

സർക്കാർ/ എയ്ഡഡ് /അൺഎയ്ഡഡ് /സെൽ ഫിനാൻസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കാണ് ഈ പദ്ധതിയി ലഭ്യമാകുന്നത് .അർഹരായ വിദ്യാർഥികൾക്ക് പ്രതിമാസം 4000/– രൂപ എന്ന ക്രമത്തിലാണ് തുക അനുവദിക്കുന്നത്.

### 3. സഫലം പദ്ധതി –

അർഹരായ ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർഥികൾക്ക് 'സഫലം' എന്ന പദ്ധതിയിലൂടെ പരമാവധി 1 ലക്ഷം രൂപാ വരെ ധനസഹായം അനുവദിച്ചു വരുന്നു.

### 4.ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള വിവാഹധനസഹായ പദ്ധതി–

സമൂഹത്തിൽ പുറംതള്ളപ്പെട്ടുപോയ ട്രാൻസ്ജെൻഡർ വ്യക്തികൾ നിയമപരമായി വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കാൻ സന്നദ്ധരാകുന്ന പക്ഷം അവരുടെ സാമൂഹ്യജീവിതത്തിന്റെ തുടർച്ച സാദ്ധ്യമാക്കുന്നതിന് വിവാഹധനസഹായം ഒരു പരിധി വരെ സഹായകരമാകുമെന്ന് വിലയിരുത്തപ്പെടുന്നു. ഈ സാഹചര്യത്തിൽ ശസ്ത്രക്രിയയിലൂടെ പൂർണ്ണമായി സ്ത്രീ/പുരുഷൻ ആയി മാറിയിട്ടുള്ളവരും നിയമപരമായി വിവാഹം ചെയ്തവരുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) വിവാഹധനസഹായമായി അനുവദിച്ച് നൽകി വരുന്നു.

**5. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം-**

പുരുഷനിൽ നിന്നും സ്ത്രീയിലേയ്ക്കും സ്ത്രീയിൽ നിന്നും പുരുഷനിലേക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. നിലവിൽ ട്രാൻസ് വുമൺ വ്യക്തികൾക്ക് പരമാവധി 2.5 ലക്ഷം രൂപ വീതവും ട്രാൻസ്മാൻ വ്യക്തികൾക്ക് 5 ലക്ഷം രൂപ വീതവും നൽകിവരുന്നു.

**6. ലിംഗമാറ്റ ശസ്ത്രക്രിയയെ തുടർന്നുള്ള തുടർചികിത്സയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി-**

സങ്കീർണമായ ശസ്ത്രക്രിയയ്ക്ക് അനുബന്ധമായി ലഭിക്കേണ്ട കൗൺസിലിംഗ് സേവനങ്ങൾ, തുടർചികിത്സ, വിശ്രമ കാലയളവിലെ ഭക്ഷണവും മറ്റ് ദൈനംദിന ചിലവുകളും എന്നിവയ്ക്ക് ഒരു നിശ്ചിത കാലയളവിലേക്ക് സാമ്പത്തിക സഹായം അനുവദിക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ശസ്ത്രക്രിയ തുടർന്നുവരുന്ന ഒരു വർഷക്കാലയളവിലേയ്ക്ക് (12 മാസങ്ങൾ) പ്രതിമാസം 3000/- രൂപ ക്രമത്തിൽ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

**7. വർണ്ണം പദ്ധതി-**

കോളേജുകളിൽ പോകാൻ കഴിയാതെ വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കൂടി സംസ്ഥാനത്ത് ഡിഗ്രി/ പി ജി തുടങ്ങിയ ഉന്നത കോഴ്സുകളിൽ നിരവധി ട്രാൻസ്ജെൻഡർ വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, പഠന കാലയളവിൽ അസൈൻമെന്റ്, പ്രൊജക്റ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിന്, പഠന സാമഗ്രിഹികൾ വാങ്ങുന്നതിന് കോണ്ടാക്ട് ക്ലാസുകൾ പരീക്ഷകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുമായി ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പഠന കാലയളവിൽ ഒരു നിശ്ചിത തുക ചെലവാകുന്നു. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് മറ്റ് വരുമാനങ്ങളില്ലത്തതിനാലും സാമൂഹ്യ നീതി വകുപ്പ് നൽകുന്ന സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീസ് തുടങ്ങിയ വിദ്യാഭ്യാസ പദ്ധതികളിൽ ഉൾപ്പെടാത്തതിനാലും ഇങ്ങനെയുള്ള വിദ്യാർഥികൾക്ക് പ്രതിവർഷം 24000/- (ഇരുപത്തി നാലായിരം)രൂപ നിരക്കിൽ പി ജി വിദ്യാർഥികൾക്ക് 2 വർഷ കാലയളവിലേയ്ക്കും യു.ജി വിദ്യാർഥികൾക്ക് 3 വർഷ കാലയളവിലേയ്ക്കും തുക അനുവദിച്ചു

നൽകുന്നുണ്ട്.

## 8. കരുതൽ പദ്ധതി-

കേരളത്തിലെ 51 ശതമാനത്തോളം വരുന്ന ട്രാൻസ്ജെൻഡർ വ്യക്തികളും സ്വന്തം കുടുംബങ്ങളിൽ നിന്ന് അസ്തിത്വത്തിന്റെ പേരിൽ പുറത്താക്കപ്പെട്ടവരാണ്. ഇത്തരം വ്യക്തികൾ ദൈനംദിനജീവിതത്തിൽ നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായും, ഹോർമോൺ ചികിത്സകൾ തുടർന്നു വരുന്ന സാഹചര്യത്തിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത്തരം വ്യക്തികൾ വിധേയരാകുന്നുണ്ട്. ശസ്ത്രക്രിയയിലെ പിഴവുകൾ മൂലം സംഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയാതെ നിരവധി ആത്മഹത്യകൾ സംസ്ഥാനത്ത് സംഭവിക്കുകയും പൊതുജന ശ്രദ്ധയിൽപ്പെട്ടുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിനാണ് കരുതൽ പദ്ധതി ലക്ഷ്യമാക്കുന്നത്.

## വനിതാ വികസന കോർപ്പറേഷൻ വഴി സ്വയംതൊഴിലിനുള്ള വായ്പ പദ്ധതി -

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായിയുള്ള പദ്ധതിയാണ് ഇത്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ആണ് പദ്ധതി നടപ്പിലാക്കി വരുന്നത്. നടപ്പ സാമ്പത്തിക വർഷം 50 ലക്ഷം രൂപാ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്.

## യത്നം പദ്ധതി

ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് വിവിധ തൊഴിൽ മേഖലകളിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായും, സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കിയും പി.എസ്.സി, യു.പി.എസ്.സി, ബാങ്ക് സർവീസ്, RRB, യു.ജി.സി/നെറ്റ്/ജെ.ആർ.എഫ്, CAT/MAT തുടങ്ങിയ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് പരിശീലനത്തിനായുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിന് യത്നം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

വിവിധ മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് 6 മാസം വരെയുള്ള പരിശീലനത്തിന് 6,000/- രൂപയും സ്റ്റൈപ്പന്റ് ഇനത്തിൽ ഒറ്റത്തവണയായി 2,5000/- രൂപയും പി.എസ്.സി, യു.പി.എസ്.സി, ബാങ്ക് സർവീസ്, RRB, യു.ജി.സി/നെറ്റ്/ജെ.ആർ.എഫ്, CAT/MAT തുടങ്ങിയ മത്സരപരീക്ഷകൾക്കുള്ള പരിശീലനത്തിന് കോഴ്സ് ഫീസ് 1 വർഷത്തേയ്ക്ക് പരമാവധി 20,000/- രൂപയും സ്റ്റൈപ്പന്റ് ഇനത്തിൽ പ്രതിമാസം 2000/- രൂപ വീതം പരമാവധി 10 മാസത്തേയ്ക്കും അനുവദിക്കുന്നു.

## III.വയോജനക്ഷേമം

**ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി**

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവരുടേയും, രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ പുരുഷന്മാരുടേയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള പദ്ധതി. ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏല്പിക്കുകയും ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതി പ്രകാരം ചെയ്തുവരുന്നത്. തിരുവനന്തപുരം, എറണാകുളം കോഴിക്കോട് ജില്ലകളിലായി 7 സന്നദ്ധ സംഘടനകൾക്ക് മേൽ പദ്ധതി വഴി ഗ്രാന്റ് നൽകി വരുന്നു.

## IV.പ്രൊബേഷൻ ആന്റ് ആഫ്റ്റർകെയർ സംവിധാനം

**മുൻ കുറ്റവാളികൾ, പ്രൊബേഷണർമാർ എന്നിവർക്കായുള്ള ധനസഹായ പദ്ധതി–**

ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളിൽ ജീവിക്കുന്ന മുൻകുറ്റവാളികൾ, മേൽനോട്ടത്തിൽ കഴിഞ്ഞു വരുന്ന കുറ്റവാളികൾ, എന്നിവരുടെ സാമൂഹിക പുനരധിവാസത്തിൻറെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നിലവിൽ 15,000/– രൂപ ധനസഹായം നൽകി വരുന്നു.

**തടവുകാരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി–**

ദീർഘകാലം ജയിൽ ശിക്ഷ അനുഭവിക്കുന്ന കുറ്റവാളികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി. ജയിൽ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 30,000/– രൂപ ധനസഹായം നൽകി വരുന്നു.

**തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി–**

ദീർഘകാലമായി ശിക്ഷ അനുഭവിക്കുന്ന ബി.പി.എൽ കാരായ സ്ത്രീ/പുരുഷ തടവുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. അപേക്ഷകൾ സുനീതി

പോർട്ടൽ മുഖേന ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. പദ്ധതി പ്രകാരം അർഹരായിട്ടുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ധനസഹായം ലഭ്യമാക്കുന്നു .

**ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി-**

ജീവപര്യന്തമോ വധശിക്ഷയോ വിധിക്കപ്പെട്ട് ജയിൽ ശിക്ഷ അനുഭവിച്ചു വരുന്ന തടവുകാരുടെ കുട്ടികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഡിഗ്രി തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി. ജയിൽ തടവുകാരുടെ കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഒറ്റത്തവണയായി പരമാവധി 1 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. (MBBS, BVSc, എന്നിവയ്ക്ക് സർക്കാർ കോളേജുകൾ മാത്രമേ പരിഗണിക്കുകയുള്ളു.). അപേക്ഷകൾ സുനീതി പോർട്ടൽ മുഖേന ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

**അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സംവിധാനത്തിൽ വിക്ടിം റീഹാബിലിറ്റേഷൻ കൂടി ഉൾപ്പെടുത്തി കൊല്ലപ്പെട്ടവരുടേയും, അതിക്രമത്തിനിരയായി കിടപ്പിലായവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. അപേക്ഷകൾ സുനീതി പോർട്ടൽ മുഖേന ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

**ജീവനം- അതിക്രമത്തിനിരയായവർക്കുള്ള സ്വയം തൊഴിൽ പുനരധിവാസ പദ്ധതി-**

കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതർക്കും, ഗുരുതര പരുക്ക് പറ്റിയവരുടെയും പുനരധിവാസത്തിനായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'ജീവനം'. പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് ഒറ്റതവണ ധനസഹായമായി 20,000/- രൂപ നൽകുന്നു. അപേക്ഷകൾ സുനീതി പോർട്ടൽ മുഖേന ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

**തടവുകാരുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം-**

തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെണ്മക്കളുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളിലെ ശോചനീയാവസ്ഥ ഇവരുടെ വിവാഹത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. നിലവിൽ രണ്ട് വർഷമോ അതിലധികമോ ജയിലിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെണ്മക്കൾക്ക് വിവാഹ ധനസഹായം നൽകാൻ സാമൂഹ്യനീതി വകുപ്പ് നൂതന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30,000/- രൂപാ നിരക്കിൽ 20

പേർക്കാണ് സാമ്പത്തിക സഹായം ലഭ്യമാക്കുക. അപേക്ഷകൾ സുനീതി പോർട്ടൽ മുഖേന ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

**<u>മറ്റുള്ളവ</u>**

**മിശ്ര വിവാഹ ധനസഹായ പദ്ധതി** – മിശ്ര വിവാഹം ചെയ്തത് കാരണം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതി.

## അനുബന്ധം 3

### 1. മംഗല്യ:-

സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹമോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് ഒരു വ്യക്തിയ്ക്ക് 25,000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് മംഗല്യ.

### 2. അഭയകിരണം:-

സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന വിധവകളെ സംരക്ഷിക്കുന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. വർഷത്തിൽ 12,000/- രൂപ ധനസഹായം നൽകുന്നു .

### 3. സഹായഹസ്തം:-

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/- രൂപ അനുവദിക്കുന്ന പദ്ധതിയാണ് 'സഹാ യഹസ്തം'

### 4. പടവുകൾ:-

വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ / സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതിയാണ് 'പടവുകൾ'. സ്ഥാപനമേധാവികൾ സാക്ഷ്യപ്പെടുത്തി നൽകുന്ന രസീതുകളുടെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നത്.

### 5. വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം :-

വനിതകൾ ഗൃഹനാഥരായിട്ടുള്ള BPL പരിധിയിലുള്ള കുടുംബത്തിലെ 1 മുതൽ ഡിഗ്രി വരെയുള്ള സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായ പദ്ധതിയാണ്. 1 മുതൽ 5 വരെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് വർഷം 3,000/- രൂപ, 6 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് വർഷം 5,000/- രൂപ, പ്ലസ് വൺ, പ്ലസ് റ്റു ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് വർഷം 7,500/- രൂപ, ഡിഗ്രി /ഡിപ്ലോമ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് വർഷം 10,000/- രൂപ എന്ന ക്രമത്തിൽ ധനസഹായം നൽകി വരുന്നു.

അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ഗുരുതരമായ ക്ഷതങ്ങളോ രോഗങ്ങളോ ഉണ്ടാകാറുണ്ട്. ആസിഡ് അതിക്രമങ്ങൾ അതിജീവിച്ചവർക്ക് പലപ്പോഴും ജീവിതകാലം മുഴുവൻ ഘട്ടം ഘട്ടമായുള്ള ശാരീരിക മാനസിക ചികിത്സകൾ വേണ്ടിവരുന്നു. ഇത്തരത്തിലുള്ളവർക്ക് അടിയന്തിര ധനസഹായമെന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് ആശ്വാസനിധി. 10,000/- രൂപ മുതൽ 2 ലക്ഷം രൂപ വരെ ഈ സ്കീമിലൂടെ ധനസഹായം നൽകുന്നു.

വനിതാ ശിശു വികസന വകുപ്പിൻറെ കീഴിൽ (മിഷൻ വാത്സല്യ) പ്രവർത്തിക്കുന്ന സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന ധനസഹായങ്ങൾ നൽകി വരുന്നു.

1. **സ്റ്റേറ്റ് സ്പോൺസർഷിപ്പ് (വിജ്ഞാനദീപ്തി) :-**

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയവും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതി മുഖേന ജെ.ജെ. ആക്ടിന്റെ പരിധിയിൽ വരുന്ന 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനുമായി പ്രതിമാസം 2,000/- രൂപ ധനസഹായം നൽകുന്ന സ്പോൺസർഷിപ്പ് പദ്ധതിയാണ് വിജ്ഞാനദീപ്തി. പദ്ധതി 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. സ്പോൺസർഷിപ്പ് പദ്ധതിയ്ക്ക് അർഹരാകുന്ന കുട്ടികൾക്ക് പരമാവധി മൂന്ന് വർഷം അല്ലെങ്കിൽ 18 വയസ്സ് പൂർത്തിയാകുന്നതുവരെ (ഏതാണ് ആദ്യം അതു വരെ) ധനസഹായം നൽകി വരുന്നുണ്ട്.

2. **സെൻട്രൽ സ്പോൺസർഷിപ്പ്:-**

കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്ന ഐ.സി.പി.എസ്. ഗൈഡ് ലൈൻ പ്രകാരമുള്ള സ്പോൺസർഷിപ്പ് / ഫോസ്റ്റർകെയർ പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും 10,00,000/- രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഇതിൽ 60 ശതമാനം കേന്ദ്ര വിഹിതവും **40 ശതമാനം സംസ്ഥാന വിഹിതവുമാണ്.** സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതി പ്രകാരം നിലവിൽ 4,000/- രൂപ വീതം ധനസഹായം നൽകി വരുന്നു.

**3. കിൻഷിപ്പ് ഫോസ്റ്റർ കെയർ:-**

സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതോ മാതാപിതാക്കൾക്ക് പരിചരിക്കാൻ കഴിയാത്തതോ ആയ കുട്ടികളെ പരിചരിക്കാൻ കഴിയുന്ന സാമൂഹ്യ സാഹചര്യമുള്ള ബന്ധു കുടുബങ്ങളിലേക്ക് **മതിയായ സാമ്പത്തിക സഹായം** നൽകി ചുരുങ്ങിയ കാലത്തേയ്ക്ക് പുനരധിവസിപ്പിയ്ക്കുക എന്നതാണ് കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതികൊണ്ട്

ഉദ്ദേശിക്കുന്നത്. ടി പദ്ധതി പ്രകാരം പ്രതിമാസം 2,000/- രൂപ വീതം ധനസഹായം നൽകി വരുന്നു.

4. **ബാലനിധി (Juvenile Justice Fund):-**

ജെ.ജെ. ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന നിർദ്ധനരായ കുട്ടികളുടെ ക്ഷേമം, പുനരധിവാസം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ളതാണ് ജുവനൈൽ ജസ്റ്റിസ് ഫണ്ട് (ബാലനിധി). പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്കുള്ള സാമ്പത്തിക സഹായം, ലൈംഗികപീഡനത്തിന് ഇരയാകുന്ന കുട്ടികൾ, മാരകമായ അസുഖം ബാധിച്ച് കിടപ്പായ മാതാപിതാക്കളുടെ കുട്ടികൾ, ബുദ്ധിപരമായി വൈകല്യമുള്ളതും എയ്ഡ്സ് (എച്ച്ഐവി) ഉള്ള കുട്ടികൾ, അപസ്മാരം, സെറിബ്രൽ, പക്ഷാഘാതം, ഓട്ടിസം മുതലായവ ബാധിച്ചവർ, അല്ലെങ്കിൽ സ്വന്തമായി വീടോ താമസിക്കാൻ ഇടമോ ഇല്ലാത്ത കുട്ടികൾ, തെരുവ് കുട്ടികൾ, ചൈൽഡ് ലേബറിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾ തുടങ്ങിയ വിഭാഗത്തിലുള്ള കുട്ടികളാണ് ബാലനിധി സഹായത്തിനു അർഹരായവർ. ബാലനിധി പ്രകാരം പരമാവധി 2,00,000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്.

**5. കോവിഡ് അസിസ്റ്റൻസ്:-**

കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടമാകുകയോ കുട്ടികൾ അനാഥരാകുകയോ അതോടൊപ്പം നേരത്തേ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെട്ട് രക്ഷിതാക്കൾ പൂർണ്ണമായും നഷ്ടപ്പെട്ടതുമായ എല്ലാ കുട്ടികൾക്കുമാണ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാകുക. ഒറ്റ തവണയായി 3 ലക്ഷം രൂപ ഫിക്സഡ് ഡിപ്പോസിറ്റായി 18 വയസ്സിനു ശേഷം പിൻവലിക്കാവുന്ന തരത്തിലും, പ്രതിമാസം 2,000 രൂപ വീതം 18 വയസ്സ് പൂർത്തിയാകുന്നതു വരെയും അനുവദിച്ചു വരുന്നു. കൂടാതെ ബിരുദ തലം വരെയുള്ള സൗജന്യ വിദ്യാഭ്യാസവും സഹായവും നൽകി വരുന്നു.

6. **പി.എം. കെയർ സ്പോൺസർഷിപ്പ്:-**

കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടമായ കുട്ടികൾക്ക് അനുവദിച്ചു വരുന്ന ധനസഹായമാണ് പി.എം. കെയർ സ്പോൺസർഷിപ്പ്. പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് പ്രതിമാസം 4,000/- രൂപ വീതം 18 വയസ്സ് പൂർത്തിയാകുന്നത് വരെ നൽകുന്നു. ടി തുകയിൽ **60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്.**

**പ്രധാനമന്ത്രി മാതൃ വന്ദന യോജന**

ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ നിലവാരം ഉയർത്തുക. ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിത ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY). 2017 ജനുവരി ഒന്ന് മുതൽ ആരംഭിച്ച ഈ പദ്ധതിയുടെ പുതുക്കിയ മാർഗ നിർദേശപ്രകാരം, ആദ്യ പ്രസവത്തിനു രണ്ടു ഗഡുക്കളായി 3000/-, 2000/- രൂപ വീതം ആകെ 5,000 രൂപയും രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ജനിക്കുകയാണെങ്കിൽ (2022 ഏപ്രിൽ മുതൽ) 6,000 രൂപയും ധനസഹായം ഗുണഭോക്താക്കളുടെ ആധാർ സീഡ് ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുന്നു.

കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതു മേഖല ജീവനക്കാർ എന്നിവർ ഒഴികെ നിയമം അനുശാസിക്കുന്ന മറ്റു പ്രസവാനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത എല്ലാ സ്ത്രീകൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹതയുണ്ട്. പദ്ധതി ആരംഭം മുതൽ ആകെ 9,33,470 ഗുണഭോക്താക്കൾക്കായി 3,91,60,74,000/- രൂപ ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്.

അങ്കണവാടി ക്ഷേമനിധി ബോർഡിൽ, അങ്കണവാടി പ്രവർത്തകർ അടയ്ക്കുന്ന അംശാദായത്തിൽ നിന്നും അങ്കണവാടി വർക്കർമാർക്ക് 2,500/- രൂപ അങ്കണവാടി ഹെൽപ്പർമാർക്ക് 1,500/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ അനുവദിച്ചു വരുന്നു.